(ബി) പ്രസ്തുത പ്രവൃത്തികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി * ചേർത്തിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ ഹാഡ പദ്ധതി

4 (1377) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ (എച്ച്.എ.ടി.എ) പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് കണ്ണൂർ ജില്ലയിൽ അനുവദിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ മേൽപദ്ധതിപ്രകാരം പരിഗണനയിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും,അതിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2015-2016 സാമ്പത്തിക വർഷത്തിൽ മലയോര വികസന ഏജൻസി വഴി കണ്ണൂർ ജില്ലയിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടികയും അവയുടെ നിലവിലുള്ള അവസ്ഥയും അനുബന്ധം 1* ൽ ചേർത്തിരിക്കുന്നു.

(സി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പരിഗണനയിലുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം 2* ആയി കൊടുത്തിരിക്കുന്നു. മേൽ പ്രവൃത്തികൾക്ക് ഹാഡയിൽ നിന്നും ഭരണാനുമതി നൽകുന്നതാണ്.

ഫുൾടൈം കോർഡിനേറ്ററായി നിയമനം

5 (1378) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യാൻ താല്പര്യമുള്ള നോൺ ഗസറ്റഡ് സർക്കാർ ജീവനക്കാർക്ക് ഫുൾടൈം കോർഡിനേറ്ററായി നിയമനം നൽകുവാനുള്ള ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമപഞ്ചായത്തുകളിൽ ഫുൾടൈം കോർഡിനേറ്ററായി ജോലി നോക്കുന്ന ജീവനക്കാരുടെയും ബന്ധപ്പെട്ട പഞ്ചായത്തിന്റെയും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, 30-1-2007-ൽ ഗ്രാമപഞ്ചായത്തുതലത്തിൽ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ (Working Arrangement) ഫുൾടൈം കോർഡിനേറ്റർമാരെ നിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ, തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനാവശ്യമായ ഭരണ ക്രമീകരണങ്ങൾ പൂർത്തിയാക്കുകയും മതിയായ ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുള്ളതിനാൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ച കോർഡിനേറ്റർമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതില്ലായെന്ന് നിർദ്ദേശിക്കുകയുണ്ടായി.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പത്തനംതിട്ട, കോഴിക്കോട് ജില്ലകളിലെ ചുവടെ ചേർക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഫുൾ ടൈം കോർഡിനേറ്റർമാർ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ (Working arrangement) ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരുടെ ഉത്തരവിൻ പ്രകാരം ജോലി നോക്കിവരുന്നുണ്ട്.

ജില്ല	ഗ്രാമ പഞ്ചായത്തിന്റെ പേര്	ജീവനക്കാരന്റെ പേര്	മാതൃ സ്ഥാപനം
പത്തനംതിട്ട	മൈലപ്ര	ശ്രീ. എം. എ. മുഹമ്മദ് നിഷാദ്	എറണാകുളം ഗവ: പ്രസ്സ്
കോഴിക്കോട്	ഉള്ള്യേരി	ശ്രീമതി സ്മിത സി.	തിരുവനന്തപുരം ഗവ: പ്രസ്സ്
	കുറ്റ്യാടി	ശ്രീ.പി. പി. അബൂൾ സലാം	തിരുവനന്തപുരം ഗവ: പ്രസ്സ്.

LIBRARY ARCHIVES Kerala Legislative Assembly